**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 774 27.04.2017 -ൽ മറുപടിക്ക്

# പട്ടാമ്പിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

**ചോദ്യം**
**ശ്രീ. മുഹമ്മദ് മുഹസിൻ പി.**

**ഉത്തരം**
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

എ) പട്ടാമ്പി താലൂക്കിൽ ഒരു എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തൊഴിൽ അന്വേഷകരുടെ സൗകര്യത്തിനായി പട്ടാമ്പിയിൽ ഒരു എക്സ്ചേഞ്ച് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പി താലൂക്ക് ആസ്ഥാനമാക്കി പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിക്കുകയും ആയത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ബി) സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർ വല്ക്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

ബി) ഉണ്ട്. നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പിലെ 84 എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർ വൽക്കരിച്ചു കഴിഞ്ഞിട്ടുണ്ട്. 35,88,399 പേരുടെ ഡാറ്റാ ഡിജിറ്റലൈസ് ചെയ്യുകയും അവ ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന അതാത് ഓഫീസുകളിൽ ലഭ്യവു-മാണ്. ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതോടെ ഉദ്യോഗാർത്ഥികൾക്ക് എവിടെ ഇരുന്നും ഏതു സമയത്തും അവരുടെ രജിസ്ട്രേഷൻ വിവരങ്ങൾ അറിയുവാനും പുതിയ വിവരങ്ങൾ ചേർക്കുവാനും രജിസ്ട്രേഷൻ പുതുക്കുവാനും സാധിക്കുന്നതാണ്.

**സി)** തൊഴിൽ അന്വേഷകർക്ക് അവരുടെ അപേക്ഷയുടെ സ്റ്റാറ്റസ് അറിയുവാനുള്ള നടപടികൾ സ്വീകരിക്കുന്നത് ഈ രംഗത്തെ അഴിമതി കുറയുവാൻ സഹായകമാകുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സി) തൊഴിൽ അന്വേഷകർക്ക് അവരുടെ അപേക്ഷയുടെ സ്റ്റാറ്റസ് അറിയുവാനുള്ള നടപടികൾ സ്വീകരിക്കുന്നതോടെ ഈ രംഗം വളരെ സുതാര്യമാക്കുവാൻ സാധിക്കുന്നതാണ്. നിലവിൽ ഉപയോഗത്തിലുള്ള ഓൺലൈൻ സോഫ്റ്റ് വെയർ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതോടുകൂടി തൊഴിൽ അന്വേഷകർക്ക് അവരുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സ്റ്റാറ്റസ് എവിടെയിരുന്നും ഏത് സമയത്തും അറിയുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ